**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1913** **29-09-2025 - ൽ മറുപടിയ്ക്ക്**

**തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് രാത്രിയിൽ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** | | **ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് രാത്രികാലങ്ങളിൽ ആവശ്യമായ ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (എ) | തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് ധാരാളം സ്വകാര്യ ബസുകൾ സർവീസ് നടത്തുന്നുണ്ട്. കൂടാതെ തൃശ്ശൂർ കെ.എസ്.ആർ.ടി.സി. യൂണിറ്റിൽ നിന്നും രാത്രി 19.00, 20.00, 22.30 എന്നീ സമയങ്ങളിൽ മെഡിക്കൽ കോളേജിന് സമീപമുള്ള അത്താണി വഴി സർവീസ് നിലവിലുണ്ട്.<br><br>രാത്രികാലങ്ങളിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് യാത്രാ ഡിമാന്റ് വർദ്ധിക്കുന്നതിനനുസരിച്ചും മറ്റ് യാത്രാ സൗകര്യലഭ്യത പരിശോധിച്ചും നേരിട്ട് സർവീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ തൃശ്ശൂർ മെഡിക്കൽ കോളേജ് വഴി സർവ്വീസ് നടത്തുന്നതിനായി സ്വകാര്യ ബസ് ഉടമകളിൽ നിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ആർ.ടി.എ. ബോർഡിന്റെ പരിഗണന പ്രകാരം പെർമിറ്റ് അനുവദിക്കുന്നതാണ്. |
| (ബി) | തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിലൂടെ കടന്നുപോകുന്ന ദീർഘദൂര ബസ്സുകളിൽ മണിക്കൂറിൽ ഒരു ബസ് എങ്കിലും തൃശ്ശൂർ മെഡിക്കൽ കോളേജ് വഴി കടന്നുപോകുന്ന വിധം ക്രമീകരിക്കുന്നത് പരിഗണിക്കാമോ? | (ബി) | തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയിലൂടെ കടന്നുപോകുന്ന ദീർഘദൂര ബസ്സുകൾ 15 കിലോമീറ്ററിലധികം ഓപ്പറേറ്റ് ചെയ്ത് തൃശ്ശൂർ മെഡിക്കൽ കോളേജ് വഴി ക്രമീകരിക്കുന്നത് വരുമാന നഷ്ടത്തിനും റിസർവ് ചെയ്ത് യാത്ര ചെയ്യുന്ന ദീർഘദൂര യാത്രക്കാർ ഒഴിവാകുന്നതിനും ഇടവരുമെന്നതിനാൽ നിലവിൽ പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ